(ഡി) ഈ ഒഴിവിലേക്ക് 1987-ൽ പിരിച്ചുവിട്ട ഉദ്യോഗാർത്ഥികൾക്ക് ഹൈക്കോടതിയുടെ ഒ.പി. നമ്പർ 15815/96 ലുള്ള വിധി അനുസരിച്ച് സുപ്രീം കോടതിവിധിയുടെ ആനുകൂല്യം ലഭ്യമല്ലെന്ന് വ്യക്തമാക്കിയിരുന്നതിനാൽ നിയമനത്തിന് പ്രത്യേക പരിഗണന നൽകുന്നതിന് നിർവ്വാഹമില്ല.

(ഇ) ടൈപ്പിസ്റ്റ് ക്ലാർക്കുമാരുടെയും ഡ്രൈവർമാരുടെയും തസ്തികകളിലേക്കുള്ള നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചശേഷം നിവേദനം ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി സെക്രട്ടേറിയറ്റിൽ നഷ്ടപ്പെടുന്ന തസ്തികകൾ

23 (678)ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിനെത്തുടർന്ന് സെക്രട്ടേറിയറ്റിലും വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലും ജില്ലാതലങ്ങളിലും ഏതെങ്കിലും തസ്തികകളുടെ എണ്ണം ചുരുക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം; എത്ര എണ്ണം;

(ഡി) ഇതിന്റെ ഫലമായി അധികമായി വന്ന തസ്തികകളും അത് വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരേയും എങ്ങോട്ടാണ് വിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 20.3.2000 വരെ 228 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) സെക്രട്ടേറിയറ്റിൽ 37 തസ്തികകൾ കുറവുവരുത്തിയിട്ടുണ്ട്. വകുപ്പദ്ധ്യക്ഷന്മാരുടെയും ജില്ലാതല ഓഫീസുകളിലെയും വിവരം ശേഖരിച്ചു വരുന്നു.

(ഡി) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാരെ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലെ പെർഫോർമൻസ് ആഡിറ്റ് ടീമുകളാണ് നിയമിച്ചിട്ടുള്ളത്. മറ്റു ഓഫീസുകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

അധികാര വികേന്ദ്രീകരണം സംബന്ധിച്ച രാജ്യാന്തര സെമിനാറിൽ അവതരിപ്പിച്ച പ്രശ്നങ്ങൾ

24 (679)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :

LIBRARY ARCHIVES Kerala Legislative Assembly